**File No.DT/1326/2019-F3**

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ, തിരുവനന്തപുരം
തീയതി: 19/04/2019

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് -പഠനം മുടങ്ങിയ ട്രെയിനികളുടെ റീ-എൻട്രി- തുടർ നടപടിയ്ക്കായി ഡിജിടിയുടെ നിർദേശം സംബന്ധിച്ച്.

സൂചന:- 9.4.2019 തീയതിയിലെ ഡി ജി ടി യിൽ നിന്നുള്ള ഇമെയിൽ സന്ദേശം.

സൂചനയിലെ ഡിജിറ്റിയുടെ ഇമെയിൽ സന്ദേശത്തിലെ നിർദേശ പ്രകാരം, ഹാൾ ടിക്കറ്റ് എലിജിബിലിറ്റി ഉള്ളതും, റീ എൻട്രിയ്ക്കായി അപേക്ഷിച്ചിട്ടുമുള്ളതുമായ ട്രെയിനികളുടെ വിവരങ്ങൾ ഏപ്രിൽ അവസാന ആഴ്ചയോടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാൻ കഴിയുമെന്നും, ഇത് സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ ഡിജിറ്റിയുമായി നേരിട്ട് ബന്ധപ്പെടാനും അറിയിച്ചിരിക്കുന്നു. ഹാജർ ശതമാനം കുറവുള്ള ട്രെയിനികളുടെ ഹാജർ കുറവ് പരിഹരിക്കുന്നതിനായി കോഴ്സ് കാലാവധിയ്ക്ക് മുൻപായി അതാതു പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കണമെന്നും ഡിജിറ്റി അറിയിച്ചിട്ടുണ്ട്.

മേൽ പ്രകാരമുള്ള ഡിജിടിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ , റീ-എൻട്രിയ്ക്കായി ഏതെങ്കിലും ട്രെയിനികൾ അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ, ആവശ്യമായ ഷോപ്പ് ഫ്ലോർ ട്രെയിനിംഗ് / അധിക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പരീക്ഷ എഴുതുവാനുള്ള സാഹചര്യം പ്രിൻസിപ്പാൾമാർ ഒരുക്കേണ്ടതാണ് . ആയതിലേയ്ക്കായി ട്രെയിനിംഗ് ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതില്ല.

മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് പ്രിൻസിപ്പാൾമാർ ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

വകുപ്പിൻ കീഴിലുള്ള എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാരും ടി വിഷയത്തിൽ ആവശ്യമായ മോണിറ്ററിംഗ് നടത്തേണ്ടതും, റീ എൻട്രി സംബന്ധിച്ച അപേക്ഷകളിൻ മേൽ സത്വര നടപടി സ്വീകരിക്കുന്നതിനു പ്രിൻസിപ്പാൾമാർക്ക് നിർദേശം നൽകേണ്ടതുമാണ്.

**MADHAVAN P K**
**ADDITIONAL DIRECTOR**
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്

1) എല്ലാ ഐടിഐ /ബിടിസി പ്രിൻസിപ്പാൾമാർക്കും
2) എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും

**//അംഗീകാരത്തോടെ //**

**ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസർ**